സേഷൻ പ്ലാന്റ് കൂടി നിർമ്മിച്ചാൽ കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ടാകും. അതിനാൽ റൂട്ടെൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉണ്ടാക്കുവാനും ഇപ്പോൾ വെളിയിൽ പോകുന്ന ആസിഡ് റിക്കവർ ചെയ്യാനും വേണ്ട സാങ്കേതികവിദ്യ ലഭ്യമാക്കേണ്ട ആവശ്യമുണ്ട്. 'പൂജ്യം മാലിന്യം' (zero effluent) എന്ന സാങ്കേതികവിദ്യ കിട്ടാനാണ് ശ്രമിക്കുന്നത്.

25 (2173) കാസർഗോഡിലെ 'കെൽ'-ന്റെ പ്രവർത്തനം

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ 'കെൽ' എന്ന വ്യവസായ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ട് എത്രകാലമായി;

(ബി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് ഇപ്പോൾ നിലവിലുള്ളത്;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഇതുവരെയുള്ള ലാഭനഷ്ടകണക്ക് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 'കെൽ'-ന്റെ കാസർഗോഡ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ട് 9 വർഷമായി.

(ബി) കാസർഗോഡ് യൂണിറ്റിൽ ഇപ്പോൾ ആകെ 304 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) കാസർഗോഡ് യൂണിറ്റ് പ്രാരംഭകാലം മുതൽ ഇതുവരെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ 31-1-2000 വരെയുള്ള സഞ്ചിതനഷ്ടം 2177.33 ലക്ഷം രൂപയാണ്.

(ഡി)&(ഇ) ഈ യൂണിറ്റിന്റെ വിപുലീകരണം സംബന്ധിച്ച പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

26 (2174) കണ്ണൂരിലെ തിരുവേപ്പതിമിൽ അടച്ചുപൂട്ടാനുള്ള കാരണം

<u>ശ്രീ. കെ. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ തിരുവേപ്പതിമിൽ അടച്ചുപൂട്ടിയത് എന്നാണ്;

(ബി) ഈ മിൽ അടച്ചുപൂട്ടാനുണ്ടായ കാരണങ്ങൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ;

(സി) മിൽ തുറന്നുപ്രവർത്തിപ്പിക്കുവാൻ മാനേജ്മെന്റ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൊഴിലാളികൾ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചിരുന്നുവോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഇ) മിൽ തുറക്കുന്നതിനായി സർക്കാരിന്റെ ഭാഗത്ത് നിന്നും നാളിതുവരെയായി എന്തൊക്കെ നടപടികൾ ഉണ്ടായിട്ടുണ്ട്;

(എഫ്) സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ജി) മിൽ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) തൊഴിലാളികൾക്ക് മിൽ വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഐ) മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) 16-2-1998 ൽ.

(ബി) അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും, മൂലധനം ഇല്ലാത്തതുമാണ്.

(സി) ബാങ്കിൽനിന്നും സാമ്പത്തികസഹായം ലഭ്യമായാലേ മിൽ തുറക്കാൻ സാധിക്കുകയുള്ളൂ എന്നാണ് മാനേജ്മെന്റിന്റെ നിലപാട്.

(ഡി) 8.7.99-ൽ സർക്കാർ വിളിച്ചുകൂട്ടിയ മീറ്റിംഗിൽ നിലവിലുള്ള മാനേജ്മെന്റ് തുടർന്ന് പ്രവർത്തിക്കാൻ കഴിയില്ലായെങ്കിൽ പുതിയ പ്രൊമോട്ടറെ കണ്ടുപിടിക്കാനും അല്ലായെങ്കിൽ മിൽ സർക്കാർ ഏറ്റെടുക്കുകയോ സഹകരണമേഖലയ്ക്ക് കൈമാറുകയോ ചെയ്യണമെന്നു നിർദ്ദേശിച്ചു. പുറമെനിന്നും സ്വകാര്യമൂലധനം സ്വരൂപിച്ചുകൊണ്ട് തൊഴിലാളി പങ്കാളിത്തത്തോടെ മിൽ പ്രവർത്തിപ്പിക്കുക, കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ ഒരു കീഴ്ഘടകമായി പ്രവർത്തിപ്പിക്കുക, മില്ലിന്റെ നടത്തിപ്പ് ഹാൻഡ്ലൂം ഫിനാൻസ് കോർപ്പറേഷനെ ഏൽപ്പിക്കുക, മിൽ കെ.എസ്.ടി.സി.ഏറ്റെടുക്കുക, തുടങ്ങിയ ആവശ്യങ്ങൾ കണ്ണൂർ തിരുവേപ്പതി മിൽസ് തൊഴിലാളിസഭ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സർക്കാർ മാനേജ്മെന്റും, തൊഴിലാളി പ്രതിനിധികളുമായി പലവട്ടം ചർച്ചകൾ നടത്തുകയും, മില്ല് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾ സർക്കാർതലത്തിൽ നടത്തിവരികയുമാണ്.

(എഫ്) സർക്കാർ പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായി. 8-7-99 ൽ ബഹു. വ്യവസായ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ മീറ്റിംഗിൽ ബാങ്കിൽനിന്നും പണം ലഭിക്കാതിരുന്നാൽ മിൽ തുറന്നുപ്രവർത്തിപ്പിക്കാൻ പ്രയാസമുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

(ജി) നിർവാഹമില്ല.

(എച്ച്) പരിശോധിച്ചുവരുന്നു.

(ഐ) സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായത്തോടെ മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ ശ്രമങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly